# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം- സ്ക്രീനിംഗ് കമ്മിറ്റിയിലേക്ക് വകുപ്പു മേധാവി/പ്രിൻസിപ്പൽ -നെ നാമനിർദ്ദേശം ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിയ്ക്കുന്നു.

=========================================================================

## അക്കാദമിക് ബി 5 സെക്ഷൻ

നം. 6701/ ബി 5/1/2017/അക്കാദമിക് പ്രിയദർശിനി ഹിൽസ്, 10.11.2017

=========================================================================

പരാമർശം:

1. ജി.ഒ.(പി)നം.58/2010/ഉ.വി.വ, തീയതി 27.03.2010.
2. നം. എസി.എൽ/1/2017 തീയതി 23.02.2017.
3. നം.എസി.ബി5/1/570/2017 തീയതി 29.06.2017.
4. യു.ജി.സി റഗുലേഷൻ 2010 ഖണ്ഡം 6.3.5.2

## <u>ഉത്തരവ്</u>

യു.ജി.സി റഗുലേഷൻ 2010 പ്രകാരം എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റത്തിനായി കോളേജുകളിൽ വിവിധ വിഷയങ്ങളിൽ സ്ക്രീനിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതുണ്ട്. പ്രിൻസിപ്പലും ബന്ധപ്പെട്ട വകുപ്പു മേധാവിയും യൂണിവേഴ്സിറ്റി നിർദ്ദേശിക്കുന്ന രണ്ടു വിഷയ വിദഗ്ദ്ധരും ഉൾപ്പെട്ടതാണ് സ്ക്രീനിംഗ് കമ്മിറ്റി. ഇപ്രകാരം രൂപീകരിക്കുന്ന സ്ക്രീനിംഗ് കമ്മിറ്റികളിൽ ബന്ധപ്പെട്ട വകുപ്പു മേധാവി തന്നെ സ്ഥാനക്കയറ്റത്തിനുള്ള അപേക്ഷകനാകുന്ന സാഹചര്യത്തിൽ ആ വകുപ്പു മേധാവി യ്ക്ക് പകരമായും പ്രിൻസിപ്പൽമാർ ഇല്ലാത്ത കോളേജുകളിൽ പ്രിൻസിപ്പലിനു പകരമായും കമ്മിറ്റിയിൽ ആരെ ഉൾപ്പെടുത്തണം എന്ന കാര്യവുമായി ബന്ധപ്പെട്ട വിഷയത്തിൽ യു.ജി.സി റഗുലേഷൻ 2010 ഖണ്ഡം 6.3.5.2 അനുസരിച്ച് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു. ഇങ്ങനെ രൂപീകരിക്കുന്ന സ്ക്രീനിംഗ് കമ്മിറ്റിയിൽ കോറം തികയുന്നതിനു മൂന്നു പേർ (ഒരു വിഷയ വിദഗ്ദ്ധൻ ഉൾപ്പടെ) നിശ്ചയമായും ഉണ്ടായിരിക്കേണ്ടതാണ് .

തദനുസരണം ഉത്തരവു പുറപ്പെടുവിയ്ക്കുന്നു.

**ഒപ്പ്**
**ശ്രീരാജ് ആർ**
**അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)**
**(രജിസ്ട്രാർക്കു വേണ്ടി)**

<u>പകർപ്പ്:</u>

1. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
2. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, എറണാകുളം
3. എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും
4. വി.സിയുടെ പ്രൈവറ്റ് സെക്രട്ടറി/ പി വി സിയുടെ പ്രൈവറ്റ് സെക്രട്ടറി
5. രജിസ്ട്രാറുടെ പി എ
6. എ സി സി I/II സെക്ഷൻ
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ ക്യൂ എ സി സെൽ
8. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

File No.Ac B V/SO/3130/2016